2013-ലെ വരൾച്ച നേരിടുന്നതിനായി പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഭൂജലവകുപ്പിന് 13 കോടി രൂപ ലഭിച്ചു. ആകെ 710 കഴൽക്കിണർ/ട്യൂബ്‌വെൽ നിർമ്മാണം, 182 ചെറുകിട കുടിവെള്ള പദ്ധതികൾ, 285 ഹാൻഡ് പമ്പ് സ്കീം, 804 ഹാൻഡ് പമ്പ് റിപ്പയറുകൾ എന്നിവ പൂർത്തീകരിക്കുകയും 12,95,58,812 രൂപ ചിലവാക്കുകയും ചെയ്തിട്ടുണ്ട്.

ജലസേചനവകുപ്പിന് 700 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 400 കോടി രൂപയാണ് പ്രഖ്യാപിച്ചിരുന്നത്. ആദ്യഘട്ടമായി 183 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 106.60 കോടി രൂപയുള്ള ഭരണാനുമതിയും രണ്ടാം ഘട്ടമായി 7 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് 378 ലക്ഷം രൂപയുടെ ഭരണാനുമതിയും സർക്കാർ നൽകുകയുണ്ടായി. ഇതിലെ ചില പദ്ധതികൾ പുരോഗമിക്കുകയും ബാക്കിയുള്ളവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) ജലഅതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾമൂലം ഒരു പരിധിവരെ ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ച് കഴിയുമ്പോൾ വരൾച്ചയെ നേരിടുവാനുള്ള ലക്ഷ്യം കൈവരിക്കാവുന്നതാണ്.

ഭൂജല വകുപ്പിന്റെ പദ്ധതി ലക്ഷ്യം നേടിയിട്ടുണ്ട്. 18,814 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

ജലസേചനവകുപ്പിന് കീഴിൽ ചെക്ക് ഡാമുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പദ്ധതി ലക്ഷ്യം നേടുന്നതാണ്.

ആധാർ അടിസ്ഥാനമാക്കി ക്ഷേമനിധി ആനുകൂല്യങ്ങൾ

21 (*81) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അടിസ്ഥാനമാക്കി ബാങ്കുവഴി വിതരണംചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനംവഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ഇല്ല.

(സി) പ്രസക്തമല്ല.

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രഭരണം - നിയമ നിർമ്മാണം

22 (*82) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. പത്മനാഭ സ്വാമി ക്ഷേത്രഭരണം ഗുരുവായൂർ ക്ഷേത്രഭരണ മാതൃകയിൽ നടത്താൻവേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്രത്തിലെ പൊതുമുതൽ നഷ്ടപ്പെട്ടുത്താനിടയായെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് അന്വേഷിച്ച് പൊതുമുതൽ വീണ്ടെടുക്കാനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രഭരണം ഗുരുവായൂർ ക്ഷേത്രഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമ നിർമ്മാണം നടത്താമെന്നും സർക്കാർ ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(ബി) ആരാധനാലയങ്ങളിലെ സ്വത്തുക്കൾ പൊതുമുതലായി കണക്കാക്കിയിട്ടില്ല. ശ്രീ പത്മനാഭസ്വാമി ക്ഷേത്രഭരണ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. സുപ്രീം കോടതി നിയോഗിച്ചിരുന്ന അമിക്കസ്ക്യൂറി ചില അന്വേഷണങ്ങൾ നടത്തിയതായി അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ കോടതി നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly